## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 153

13-06-2019 ൽ മറുപടിയ്ക്ക്

### തീരദേശ കപ്പൽ ഗതാഗതം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ. എം. മുകേഷ്<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ. കെ.ദാസൻ | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) പരിസ്ഥിതി സൗഹാർദ്ദവും ചെലവുകുറഞ്ഞതുമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ ; | | (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ച് ചരക്ക് / യാത്രാ ഗതാഗതം ഗണ്യമായ തോതിൽ വികസിപ്പിക്കുന്നതിനാണ് സർക്കാർ തീരദേശ കപ്പൽ ഗതാഗതപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് പ്രാരംഭഘട്ടത്തിൽ കൊല്ലത്തും, പിന്നീട് ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും നടപ്പാക്കിവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. അഴീക്കൽ തുറമുഖത്ത് കോസ്റ്റൽ ഷിപ്പിംഗ് ഓപ്പറേഷൻ 24/02/2019-ന് ഫ്ലാഗ് ഓഫ് ചെയ്തു. 2030 ഓടെ നിലവിൽ റോഡ് / റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 50% തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നൽകി വന്നിരുന്ന ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 വരെ ഏകദേശം 1650 കണ്ടെയ്നറുകൾ ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കൈകാര്യം ചെയ്തിട്ടുണ്ട്. |

സ്ഥിരമായ കസ്റ്റംസ് ക്ലിയറൻസ് സംവിധാനമായ ഇ.ഡി.ഐ, പ്ലാന്റ് ക്വാരന്റൈൻ ലാബും മറ്റ് സൗകര്യങ്ങളും, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, തുറമുഖത്തെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലത്ത് 100 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ബേപ്പൂർ തുറമുഖത്ത് 175 മീറ്റർ നീളമുള്ള കോസ്റ്റൽ ബർത്തും കൊല്ലത്ത് നിലവിലുള്ള ബർത്തിന്റെ നീളം വർദ്ധിപ്പിക്കുന്നതിനുമുള്ള ഡീറ്റയിൽഡ് ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനുവേണ്ടി രണ്ട് ട്രെയിലർ ട്രക്കുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി Azhikkal Port Ltd എന്ന Spcial Purpose Vehicle രൂപീകരിച്ച് Detailed Project Report തയ്യാറാക്കുന്നതിന് M/s HOWE Engineering Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി റയിൽ / റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിന് Indian Port Rail Corporation (IPCRL) നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ജലഗതാഗതം അനാകർഷകമാക്കുന്ന വേഗതയില്ലായ്മ പരിഹരിച്ച് യാത്രക്കാരെ ആകർഷിക്കുവാൻ | (ബി) | കൊച്ചി-തിരുവനന്തപുരം, കൊച്ചി- കോഴിക്കോട് റൂട്ടിൽ യാത്രാകപ്പൽ / ഹൈഡ്രോഫോയിൽ സർവ്വീസ് നടത്തുന്നതിനായി മെസ്സേഴ്സ്. സേഫ് ബോട്ട് |

| | | | |
|---|---|---|---|
| | ഹൈഡ്രോഫോയിൽ ബോട്ട് സർവീസ് ആരംഭിക്കുവാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ; | | പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് 2016-17 സാമ്പത്തിക വർഷം അനുമതി നൽകിയിരുന്നു. സർവ്വീസ് നടത്തുന്നതിന് തുറമുഖങ്ങളിൽ ആവശ്യമായ സൗകര്യങ്ങളും സേവനങ്ങളും ആണ് തുറമുഖ വകുപ്പ് ലഭ്യമാക്കേണ്ടത്. സർവ്വീസ് നടത്തുന്നതിന് ആവശ്യമായ കപ്പലുകൾ വാങ്ങുന്നതും, കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവുമായി ബന്ധപ്പെട്ട അനുമതികൾ നേടേണ്ടതും സ്വകാര്യ സംരംഭകന്റെ ചുമതലയാണ്. എന്നാൽ നാൾ ഇതുവരെ ടി സംരംഭകൻ ഈ നടപടികൾ പൂർത്തീകരിച്ചിട്ടില്ല |
| (സി) | സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളുടെ വികസനത്തിന് കിഫ്ബി ഫണ്ടുപയോഗിച്ചും പി.പി.പി. അടിസ്ഥാനത്തിലും ഉൾപ്പെടെ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ? | (സി) | അഴീക്കൽ തുറമുഖവികസനത്തിനായി ബഹു.മുഖ്യമന്ത്രി ചെയർമാനായി Azhikkal Port Ltd എന്ന Spcial Purpose Vehicle രൂപീകരിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.HOWE Engineering Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അഴീക്കൽ തുറമുഖ വികസനത്തിന് 496 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ സാഗർമാലയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടികളും ആലോചിക്കുന്നുണ്ട്. പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തിൽ സ്വിസ് ചലഞ്ച് മാതൃകയിൽ വികസിപ്പിക്കുന്നതിന് സ്വകാര്യപങ്കാളിയായ മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (എം.പി.പി.എൽ), ചെന്നൈ എന്ന സ്ഥാപനം കരാറിൽ ഏർപ്പെട്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ പുരോഗതി കൈവരിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**